**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 525** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഹരിത രശ്മി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സുസ്ഥിരമായ കാർഷിക ഇടപെടലിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമായ ഭൂമിയുടെ ഫലപ്രദമായ വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിത രശ്മി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br><br>പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ കൈവശമുള്ള കാർഷികാവശ്യത്തിന് ഉപയോഗിക്കാത്ത ഭൂമിയെ കൃഷിയോഗ്യമാക്കി, കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹരിത രശ്മി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എത്ര ഘട്ടങ്ങളായാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; ഓരോ ഘട്ടത്തിലും വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലും സമൂഹത്തിലും എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതി മൂന്ന് ഘട്ടങ്ങളായാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പുതിയ പ്രദേശത്തിന്റെ കണ്ടെത്തൽ, ബോധവൽക്കരണ പരിപാടികൾ, പദ്ധതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്ന കുടുംബങ്ങളുടെ തെരഞ്ഞെടുപ്പ്, സാമൂഹ്യ സാമ്പത്തിക വിശകലനം, ഗ്രൂപ്പുകളുടെ രൂപീകരണം, പരിശീലന പരിപാടികൾ, മണ്ണ് പരിശോധന, പ്രാഥമിക ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഓരോ പ്രദേശത്തിനും അനുയോജ്യമായ വിളകളുടെ തെരഞ്ഞെടുപ്പ് തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങളാണ് ഒന്നാം ഘട്ടത്തിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. രണ്ടാംഘട്ടത്തിന്റെ ഭാഗമായി വിളകൾ നടുന്ന പ്രവർത്തനങ്ങൾ, അവ പരിപാലിക്കുന്ന പ്രവർത്തനങ്ങൾ, ശാസ്ത്രീയമായി അവ ശേഖരിക്കുന്നതിന്റെയും മാർക്കറ്റുമായി ഈ വിളകളെ ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് നടക്കുന്നത്.<br><br>പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ഗ്രൂപ്പുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ, ഭാവിയിൽ ഒരു പ്രൊഡ്യൂസർ കമ്പനിയായി ഈ ഗ്രൂപ്പുകളെ മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് മൂന്നാംഘട്ടത്തിന്റെ ഭാഗമായി നടപ്പിലാക്കേണ്ടത്. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ